**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4574** **19-03-2025 - ൽ മറുപടിയ്ക്ക്**

**പദ്ധതികൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വകുപ്പിനു കീഴിൽ നിർദ്ദേശിക്കപ്പെടുന്ന വിവിധ വികസന പദ്ധതികൾക്ക് അനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എല്ലാ തുടർപദ്ധതികൾക്കും വാർഷിക പദ്ധതിയുടെ ആദ്യപാദത്തിൽ തുടർ ഭരണാനുമതി (Comprehensive AS) സർ ക്കാർ ലഭ്യമാക്കുന്നുണ്ട്. കൂടാതെ മുൻ വർഷങ്ങളിലെ പദ്ധതികൾ കമ്മിറ്റഡ് ലയബിലിറ്റിയായി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവുകൾ റീവാലിഡേറ്റ് ചെയ്തു ലഭ്യമാക്കുന്നുണ്ട്.<br><br>തുടർ പ്രവർത്തനങ്ങൾ അല്ലാത്തവയ്ക്ക് അതാത് ശീർഷകങ്ങളിൽ ഉൾപ്പെടുത്തി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br><br>റോഡ്, പാലം തുടങ്ങിയ പ്രവൃത്തികൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ ഭരണാനുമതിയ്ക്കായി സമർപ്പിക്കുകയും ആയതിനു ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് അതാത് പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്യുന്നു.<br><br>സർക്കാർ ഭരണാനുമതി ലഭിക്കേണ്ട എല്ലാ പദ്ധതികൾക്കും ഫണ്ടിന്റെ ലഭ്യത ഉറപ്പ് വരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് സ്വീകരിച്ച് വരുന്നു .<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>ഓരോ വർഷവും സാമ്പത്തിക വർഷത്തിന്റെ ആദ്യമാസം തന്നെ വകുപ്പിന്റെ വികസന ക്ഷേമ പദ്ധതികൾക്ക് തുടരാനുമതി ഉത്തരവ് |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി സർക്കാരിൽ പ്രൊപോസൽ സമർപ്പിക്കുകയും ഭരണാനുമതി നൽകുന്ന മുറക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. പ്രത്യേക അനുമതി ആവശ്യമുള്ള വികസന പദ്ധതികൾ Working Group ൽ സമർപ്പിച്ച് Working Group ന്റെ അനുമതിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഉത്തരവ് നൽകുന്ന മുറക്ക് പദ്ധതി നിർവഹണം ആരംഭിക്കുകയും ചെയ്യുന്നു. യഥാസമയം Working Group മീറ്റിംഗുകൾ നടത്തി ആയതിന്റെ തീരുമാനങ്ങൾക്കനുസൃതമായി സർക്കാർ ഉത്തരവ് ലഭ്യമാക്കി നിർദ്ദേശിക്കപ്പെടുന്ന വികസന പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നു. |
| (ബി) | വകുപ്പിനു കീഴിൽ വികസന പദ്ധതികളുടെ നിർവഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക സാമ്പത്തിക മേഖലകളിൽ ഉളവാക്കുന്ന മാറ്റങ്ങൾ ഉറപ്പുവരുത്തുവാൻ നിലവിൽ വിവിധ തലത്തിൽ സംവിധാനങ്ങൾ ഉണ്ട്.<br><br>ഓരോ സങ്കേതങ്ങളിലുമുള്ള ഊരുകൂട്ടങ്ങൾ അതത് പ്രദേശത്തെ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും, മേൽനോട്ടത്തിലും ഇടപെടലുകൾ നടത്തുന്ന രീതിയിൽ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്. ഇവ കൂടാതെ നിയോജകമണ്ഡലത്തിൽ എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിലുള്ള സമിതികൾ, പട്ടികവർഗ്ഗ ജില്ലാതല മോണിറ്ററിംഗ് സമിതി എന്നിവയും പദ്ധതികൾ ഗുണഭോക്താക്കൾക്ക് തന്നെ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതികളുടെ ധനവ്യയം സംബന്ധിച്ച് പ്ലാൻ സ്പേസ് സംവിധാനം വഴി സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ഓരോ ജില്ലകളിലും വികസന പ്രവർത്തനങ്ങൾ വിലയിരുത്താൻ വകുപ്പ് തലത്തിലെ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ഓരോ ജില്ലയുടേയും ചുമതല നൽകി, ആയത്<br><br>അവലോകനം ചെയ്ത് അർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹിക, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>16.05.2023 ലെ സ.ഉ.(കൈ)നം.11/2023പജപവവിവ തീയതി എന്ന സർക്കാർ ഉത്തരവ് പ്രകാരം 2 വർഷം |

കാലാവധിയിലേക്കാണ് എസ്.ടി പ്രൊമോട്ടർമാരെ നിലവിൽ വകുപ്പിൽ നിയമിച്ചിരിക്കുന്നത്. ഇവർക്കായി 2024 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ 5 ഘട്ടങ്ങളിലായി മൂന്ന് ദിവസം ദൈർഘ്യമുള്ള ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. പട്ടികവർഗ വികസന വകുപ്പ്, മറ്റ് വിവിധ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവർ നടത്തുന്ന വിവിധ പദ്ധതികളെയും പരിപാടികളെയും കുറിച്ച് വ്യക്തമായി അവബോധം സൃഷ്ടിക്കുന്നതിനും, അവരിൽ നേതൃപാടവം, സന്നദ്ധസേവനം, വ്യക്തിത്വ വികസനം, ഡിജിറ്റൽ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവ് എന്നിവ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനവുമാണ് എസ്.ടി പ്രൊമോട്ടർമാർക്ക് നൽകിയത്.

പട്ടികവർഗ്ഗക്കാർ കൂട്ടതലായി അധിവസിക്കുന്ന മേഖലകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പട്ടികവർഗ്ഗ വികസന വകുപ്പും, മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് ഗുണഭോക്താക്കളെ ബോധവത്ക്കരിക്കുക, സർക്കാർ ആശുപത്രികളിൽ ചികിത്സ തേടി എത്തുന്ന പടികവർഗ്ഗക്കാർക്ക് ആവശ്യമായ സഹായങ്ങൾ നൽകുക തുടങ്ങിയവയാണ് എസ്.റ്റി ഹെൽത്ത് പ്രൊമോട്ടർമാരുടെ പ്രധാന ചുമതലകൾ. ഈ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനം എസ്.റ്റി ഹെൽത്ത് പ്രൊമോട്ടർമാർക്ക് നൽകിയിട്ടുണ്ട്.

**<u>പട്ടികജാതി വികസന വകുപ്പ്</u>**

വികസന പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വിവിധ തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു. ബഹു. വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ടി യോഗങ്ങളിൽ MLA മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുകയും തുടർന്ന് ഓരോ മാസവും ബഹു. മന്ത്രി ഓൺലൈൻ ആയി അവലോകനയോഗം നടത്തുകയും പദ്ധതികളുടെ നിർവഹണം ത്വരിതപ്പെടുത്തുന്നതിനും നിർവ്വഹണത്തിലെ തടസങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ വകുപ്പ് ഡയറക്ടർ ജില്ലാതല ഉദ്യോഗസ്ഥരുടെയും, ജില്ലാ ഓഫീസർമാർ ബ്ലോക്ക് തല നിർവ്വഹണ

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരുടെയും പ്രതിമാസ അവലോകന യോഗങ്ങൾ നടത്തുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബഹു. MLA-മാരുടെ അധ്യക്ഷതയിൽ അവലോകന യോഗം നടത്തി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ